ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.03.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കൃഷിയും ഗ്രാമീണ സമൃദ്ധിയും എന്ന വിഷയത്തിലുള്ള ബജറ്റാനന്തര വെബിനാറിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഓൺലൈനായി അഭിസംബോധന ചെയ്യും.

   **Prime Minister Narendra Modi will virtually address a daylong Post-Budget Webinar on Agriculture and Rural Prosperity today.**

2. ഇന്ത്യ - യൂറോപ്യൻ യൂണിയൻ ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ പ്രധാനമന്ത്രി യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറുമായി നടത്തിയ ചർച്ചയിൽ ധാരണ.

   **The Prime Minister's meeting with the President of the European Commission reached an agreement to further strengthen India-EU relations.**

3. പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജനയുടെ കീഴിലുള്ള ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് തലശ്ശേരിയിൽ നിർവഹിക്കും.

   **Union Minister of State George Kurian will inaugurate the state-level Integrated Modern Coastal Fishing Village project under the Pradhan Mantri Matsya Padam Yojana in Thalassery today.**

4. കോഴിക്കോട് സ്കൂൾ വിദ്യാർത്ഥികൾ തമ്മിലുള്ള സംഘർഷത്തിൽ ഗുരുതര പരിക്കേറ്റ് ചികിത്സയിലായിരുന്ന 10-ാം ക്ലാസ് വിദ്യാർത്ഥി മരിച്ചു.

**A 10th grade student who was undergoing treatment for serious injuries in a clash between school students in Kozhikode has died.**

5. **ISL** ഫുട്ബോളിൽ ഒഡീഷ **FC**-മുഹമ്മദൻ **SC** മത്സരം ഗോൾ രഹിത സമനിലയിൽ കലാശിച്ചു. വനിതാ പ്രീമിയർ ലീഗ് ട്വന്റി- 20 ക്രിക്കറ്റിൽ, മുംബൈ ഇന്ത്യൻസിനെതിരെ ഡൽഹി ക്യാപിറ്റൽസിന് 9 വിക്കറ്റ് ജയം

**In ISL Football Odisha FC - Mohammedan SC match ended in a draw. Delhi Capitals beat Mumbai Indians by 9 wickets in Women's Premier League Twenty20 Cricket**

*******************************************************

## PM-AGRICULTURE WEBINAR

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉച്ചയ്ക്ക് ശേഷം ന്യൂഡൽഹിയിൽ കൃഷിയും ഗ്രാമീണ സമൃദ്ധിയും എന്ന വിഷയത്തിൽ ബജറ്റാനന്തര വെബിനാറിനെ ഓൺലൈനായി അഭിസംബോധന ചെയ്യും. 2025-ലെ ബജറ്റ് പ്രഖ്യാപനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനും കേന്ദ്രീകൃത ചർച്ചയിൽ പങ്കാളികളെ ഉൾപ്പെടുത്തുന്നതിനുമാണ് വെബിനാർ ലക്ഷ്യമിടുന്നത്. കേന്ദ്രകൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാനും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

*******************************************************

## PM-NXT CONCLAVE

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന NXT കോൺക്ലേവിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ന്യൂസ് എക്സ് എന്ന ചാനലും പരിപാടിയിൽ പുറത്തിറക്കും. വ്യത്യസ്ത

മേഖലയിലെ ജനങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്നതിന് ഐടിവി നെറ്റ് വർക്ക് ആൻറ് ഫൗൺഡേഷനെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

*******************************************************

## MORN. VP- MUMBAI

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഇന്ന് മഹാരാഷ്ട്രയിലെ മുംബൈ സന്ദർശിക്കും. മുംബൈയിൽ കെപിബി ഹിന്ദുജ കോളേജ് ഓഫ് കൊമേഴ്സിൽ നടക്കുന്ന വാർഷിക ആഘോഷ പരിപാടിയിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

*******************************************************

## PM – KHUSRAU (INTRO)

സൂഫി പാരമ്പര്യം ഇന്ത്യയിൽ വേറിട്ട വ്യക്തിത്വം നൽകിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച സൂഫി സംഗീത പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ഏതൊരു രാജ്യത്തിൻറെയും സംസ്കാരം സമ്പന്നമാകുന്നത് പാട്ടുകളിലൂടെയും സംഗീതത്തിലൂടെയും ആണെന്നും ശ്രീ മോദി പറഞ്ഞു.

(ഹോൾഡ് വോയ്സ്.........)

രാജ്യത്തെ ജനങ്ങൾക്ക് റംസാൻ ആശംസകൾ നേരുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

*******************************************************

## AMIT SHAH-MEETING

ബംഗ്ലാദേശികളേയും, റോഹിംഗ്യൻ വിഭാഗത്തേയും രാജ്യത്ത് അനധികൃതമായി പ്രവേശിക്കാൻ സഹായിക്കുന്നവർക്കെതിരെ കർശന നടപടി യെടുക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നിർദ്ദേശം നൽകി. ഈ വിഷയം ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ടതാണെന്നും അത് കർശനമായി തന്നെ കൈകാര്യം ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത,

ഡൽഹി ആഭ്യന്തര മന്ത്രി ആശിഷ് സൂദ് എന്നിവരുമായി ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം.

*******************************************

## UTTARAKHAND-AVALANCHE

ഉത്തരാഖണ്ഡിൽ, ചമോലി ജില്ലയിലെ മന ഗ്രാമത്തിനടുത്തുണ്ടായ ഹിമപാതത്തിൽ കുടുങ്ങിയ 57 തൊഴിലാളികളിൽ 32 പേരെ രക്ഷപ്പെടുത്തി. ITBP, NDRF, SDRF, കരസേനാ സംഘങ്ങൾ എന്നിവർ രക്ഷാ പ്രവർത്തനത്തിൽ, സജീവമാണ്. രക്ഷാപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ഇന്ത്യൻ വ്യോമസേനയുടെ സഹായവും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കനത്ത മഞ്ഞുവീഴ്ചയും മോശം കാലാവസ്ഥയും വെല്ലുവിളി ഉയർത്തുന്നുണ്ട്. രക്ഷാപ്രവർത്തനം വേഗത്തിലാക്കാൻ എല്ലാ ശ്രമങ്ങളും നടത്തുകയാണെന്ന് ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി അറിയിച്ചു. രക്ഷാ - ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ പൂർണ്ണ പിന്തുണ നൽകുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉറപ്പ് നൽകി.

*******************************************

## VICE PRESIDENT - KERALA

ഉപരാഷ്ട്രപതി ജഗ്‌ദീപ് ധൻകർ നാളെ കേരളത്തിലെത്തും. തിരുവനന്തപുരത്ത് നാലാമത് പി പരമേശ്വരൻ സ്മാരക പ്രഭാഷണത്തെ അദ്ദേഹം അഭിസംബോധന ചെയ്യും.

*******************************************

## GOVT-PASSPORT RULES

പാസ്പോർട്ട് നിയമങ്ങൾ ഭേദഗതി ചെയ്ത് കേന്ദ്ര സർക്കാർ. 2023 ഒക്ടോബർ ഒന്നിന് ശേഷം ജനിച്ചവർക്കുള്ള പാസ്പോർട്ടിനായി ജനന സർട്ടിഫിക്കേറ്റുകൾ മാത്രമേ രേഖയായി സ്വീകരിക്കുമെന്ന് ഭേദഗതിയിൽ വ്യക്തമാക്കുന്നു. 1980ലെ പാസ്പോർട്ട് നിയമങ്ങളിലാണ്

മാറ്റം കൊണ്ടുവന്നത്. മറ്റ് അപേക്ഷകർക്ക് ഡ്രൈവിങ് ലൈസൻസ്, പാൻ കാർഡ് തുങ്ങിയ അംഗീകൃത രേഖ നൽകിയാൽ മതിയാകും.

*************************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

*************************************************

## NEW DAY PREZ EU – INDIA

ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ബന്ധം ഊഷ്മളവും ശക്തവുമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്നുമായി ന്യൂഡൽഹിയിൽ നടത്തിയ ചർച്ചയ്ക്ക് ശേഷം സംയുക്ത പ്രസ്താവനയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യാപാരം, സാങ്കേതികവിദ്യ, നിക്ഷേപം, സുരക്ഷ, കണക്റ്റിവിറ്റി തുടങ്ങിയ മേഖലകളുടെ അഭിവൃദ്ധിയ്ക്കായി ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴിയുമായി മുന്നോട്ട് പോകുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. തന്ത്രപരമായ വിഷയങ്ങളിൽ ഒരുമിച്ച് പ്രവർത്തിക്കാൻ ഇരുപക്ഷവും തമ്മിൽ ധാരണയായതായി യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്ൻ പറഞ്ഞു.

*************************************************

## MEA.. (INTRO)

യൂറോപ്യൻ യൂണിയൻ ഇന്ത്യയുടെ പ്രധാന നിക്ഷേപ പങ്കാളിയാണെന്ന് വിദേശകാര്യ സെക്രട്ടറി തന്മയ ലാൽ. അർദ്ധചാലകങ്ങളുമായി ബന്ധപ്പെട്ട ധാരണാപത്രം നടപ്പിലാക്കുന്നതിലും, വിതരണ ശൃംഖല വർദ്ധിപ്പിക്കുന്നതിലും

ഉൾപ്പെടെ പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് അദ്ദേഹം വാർത്ത സമ്മേളനത്തിൽ പറഞ്ഞു.

(വോയ്സ്)

**********************************************

## GEORGE KURIAN

പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജനയുടെ കീഴിലുള്ള ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് തലശ്ശേരിയിൽ നിർവഹിക്കും. കേരളത്തിലെ ഒമ്പത് തീരദേശ ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത്.

**********************************************

## KOZHIKODE STUDENT-DIED

കോഴിക്കോട് താമരശേരിയിൽ സ്കൂൾ വിദ്യാർഥികൾ തമ്മിലുള്ള സംഘർഷത്തിൽ ഗുരുതരമായി പരിക്കേറ്റ് പത്താം ക്ലാസ് വിദ്യാർഥി മരിച്ചു. താമരശേരി ചുങ്കം സ്വദേശി മുഹമ്മദ് ഷഹബാസാണ് മരിച്ചത്. പരിക്കേറ്റ ഷഹബാസ് കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിൽസയിലായിരുന്നു. സംഘർഷവുമായി ബന്ധപെട്ട് അഞ്ച് വിദ്യാർഥികളെ ജുവനൈൽ ബോർഡ് മുമ്പാകെ ഹാജരാക്കി.

**********************************************

## AMOEBIC ENCEPHALITIS - DIED

അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ കോഴിക്കോട് മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ച ഒരു യുവതി കൂടി മരിച്ചു. കോഴിക്കോട് സ്വദേശിനി ജിസ്ന ആണ് മരിച്ചത്. 38 വയസ്സായിരുന്നു. രോഗ ഉറവിടം വ്യക്തമല്ല.

**********************************************

## MORATORIUM –KKD

കോഴിക്കോട് ജില്ലയിലെ വിലങ്ങാട് പ്രകൃതി ദുരന്തബാധിത വില്ലേജുകളിലെ വായ്പ്പകൾക്ക് മൊറട്ടോറിയം അനുവദിച്ചു. വിവിധ സർക്കാർ കുടിശ്ശികകളിന്മേലുള്ള എല്ലാ റവന്യൂ റിക്കവറി നടപടികൾക്കും മൊറൊട്ടൊറിയം അനുവദിക്കാനും സർക്കാർ തീരുമാനിച്ചു.

*************************************************

## WPL

വനിതാ പ്രീമിയർ ലീഗ് ട്വന്റി- 20 ക്രിക്കറ്റിൽ, മുംബൈ ഇന്ത്യൻസിനെതിരെ ഡൽഹി ക്യാപിറ്റൽസിന് 9 വിക്കറ്റ് ജയം. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ മുംബൈ 20 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 123 റൺസ് നേടി. മറുപടി ബാറ്റിങ്ങിൽ ഡൽഹി 14.3 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു.

*************************************************

## ISL

ISL ഫുട്ബോളിൽ ഒഡീഷ FC – മുഹമ്മദെൻ SC മത്സരം ഗോൾ രഹിത സമനിലയിൽ കലാശിച്ചു. 30 പോയിന്റോടെ ഒഡീഷ ഏഴാം സ്ഥാനത്തും 12 പോയിന്റുമായി മുഹമ്മദൻസ് 13-ാം സ്ഥാനത്തുമാണ്. ഐ എസ് എല്ലിൽ കേരള ബ്ലാസ്റ്റേഴ്സ് ജംഷഡ്പൂർ മത്സരം ഇന്ന് നടക്കും. രാത്രി 7.30 നാണ് മത്സരം. വൈകുന്നേരം 5 മണിക്ക് നടക്കുന്ന മത്സരത്തിൽ മുംബൈ സിറ്റി മോഹൻ ബെഹാനെ നേരിടും.

*************************************************

## REV. ICC CHAMPIONS TROPHY CRICKET

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ, അഫ്ഗാനിസ്ഥാനെതിരായ ഗ്രൂപ്പ് ബിയിലെ നിർണായക മത്സരം മഴമൂലം

ഉപേക്ഷിച്ചതിനെത്തുടർന്ന് ഓസ്ട്രേലിയ സെമി ഫൈനലിലേക്ക് യോഗ്യത നേടി. ഇരു ടീമുകളും ഓരോ പോയിൻറ് വീതം പങ്കിട്ടു. ഗ്രൂപ്പ് എയിൽ സെമിഫൈനൽ ഉറപ്പിച്ച ഇന്ത്യയ്ക്കും ന്യൂസിലൻഡിനും ഒപ്പമാണ് ഇപ്പോൾ ഓസ്ട്രേലിയയുടെ സ്ഥാനം. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഇന്ന് ഉച്ചയ്ക്ക് ദക്ഷിണാഫ്രിക്ക ഇംഗ്ലണ്ടിനെ നേരിടും

*******************************************

## RANJI TROPHY

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൽ കേരളത്തിനെതിരെ വിദർഭയ്ക്ക് ഒന്നാം ഇന്നിങ്സ് ലീഡ്. വിദർഭയുടെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 379 റൺസ് പിന്തുടർന്നിറങ്ങിയ കേരളത്തിന് 342 റൺസെടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റും നഷ്ടമായി. മൂന്നാം ദിനം കളി അവസാനിപ്പിക്കുമ്പോൾ 37 റൺസിൻറെ ലീഡാണ് വിദർഭ നേടിയത്.

*******************************************

## RAIN

കേരളത്തിൽ കനത്ത ചൂടിന് ആശ്വാസമായി വേനൽമഴ എത്തി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് മത്സ്യബന്ധനത്തിന് പോകുന്നതിന് വിലക്ക്.

*******************************************

## CM

കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര വനിതാ ദിനാഘോഷം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. രാവിലെ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടക്കുന്ന പരിപാടിയിൽ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് സ്ത്രീശക്തി, മാധ്യമ, ജാഗ്രതാ സമിതി പുരസ്കാരങ്ങൾ വിതരണം ചെയ്യും.

*******************************************

## TRUMP–ZELENSKY

അപൂർവ ധാതുക്കളുടെ കരാറിൽ ഒപ്പുവെക്കാൻ യുഎസും യുക്രൈയ്നും തമ്മിൽ നടത്തിയ ചർച്ച പരാജയപ്പെട്ടു. യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും യുക്രൈന് പ്രസിഡന്റ് വോളോഡിമിർ സെലൻസികയും തമ്മിലുണ്ടായ വാഗ്വാദത്തെ തുടർന്നാണ് ചർച്ച പരാജയപ്പെട്ടത്.

******************************************

*****************************************************************************************